# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1955 — 16.02.2016-ൽ മറുപടിക്ക്.

## റോഡപകടങ്ങൾ തടയാൻ സ്ഥാപിച്ച ക്യാമറകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ.എസ്. സലീഖ: | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ കാലയളവിൽ ആഭ്യന്തരവകുപ്പിനു കീഴിൽ റോഡപകടങ്ങൾ തടയുക, മറ്റ് അതിക്രമങ്ങൾ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി സംസ്ഥാനത്തുടനീളം എത്ര ക്യാമറകൾ സ്ഥാപിച്ചു; ആയതിന് എത്ര തുക ചെലവായി; ഏതെല്ലാം സ്ഥാപനങ്ങളാണ് ഇവ സ്ഥാപിച്ചത്; ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുക ഇനിയും നൽകുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | : (എ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവയിൽ നിലവിൽ പ്രവർത്തനക്ഷമമായ ക്യാമറകൾ എത്ര; പ്രവർത്തനരഹിതമായ ക്യാമറകൾ എത്ര; മോഷണം പോയവ എത്ര; വിശദാംശം നൽകുമോ; | : (ബി) പ്രവർത്തനക്ഷമമായിട്ടുള്ളത് - 253 എണ്ണം.<br>റോഡ് പ്രവർത്തിമൂലം അഴിച്ചുവച്ചിരിക്കുന്നതും അപകടമുണ്ടായതിനെ തുടർന്ന് പ്രവർത്തനരഹിതമായത് - 139 എണ്ണം<br>മോഷണം പോയത് - 1 എണ്ണം |
| സി) ഇത്തരം ക്യാമറ സംവിധാനത്തിലൂടെ എത്ര കേസ്സുകളിൽ പ്രതികളെയും, പ്രതികൾ ഉപയോഗിച്ച വാഹനങ്ങളെയും, റോഡപകടങ്ങൾ നടത്തിയിട്ട് നിർത്താതെപോയ വാഹനങ്ങളെയും അവ ഓടിച്ചവരെയും കണ്ടെത്തുവാൻ' കഴിഞ്ഞു; വിശദാംശം നൽകുമോ; | : (സി) മൂന്ന് കേസ്സുകളിൽ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രതികൾ ഉപയോഗിച്ച വാഹനങ്ങളെയും, റോഡപകടങ്ങൾ നടത്തിയിട്ട് നിർത്താതെപോയ വാഹനങ്ങളെയും അവ ഓടിച്ചവരെയും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. |
| ഡി) പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | : (ഡി) ക്യാമറകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും, കേടായ ക്യാമറകളുടെ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് അവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുമുണ്ട്. |

ഇ) നിലവിൽ ഒമ്പത് ജില്ലകളിൽ പോലീസിന്റെ നഗര നിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം; വിശദാംശം നൽകുമോ;

: (ഇ) ഒറ്റപ്പെട്ട ചില സ്ഥലങ്ങളിൽ രാത്രികാലങ്ങളിലെ ഫോട്ടോകൾക്ക് വ്യക്തത കുറവാണന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

എഫ്) പ്രസ്തുത ക്യാമറകളുടെ നിരീക്ഷണം നിയന്ത്രണം എന്നിവയ്ക്കായി നിയോഗിച്ചിട്ടുള്ള ഉന്നത ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ പ്രവർത്തന വീഴ്ചമൂലം പല ക്യാമറകളും തകരാറിലായി എന്നത് പരിശോധിച്ചുവോ; എങ്കിൽ എന്തുകൊണ്ടാണ് തകരാറിലായത് എന്ന് വ്യക്തമാക്കുമോ?

: (എഫ്) ക്യാമറകളുടെ പ്രവർത്തനം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ പ്രവർത്തന വീഴ്ചമൂലം ക്യാമറകൾ തകരാറിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ക്യാമറകളുടെ തകരാറുകൾ പരിഹരിക്കുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും കേടായ ക്യാമറകളുടെ വിവരങ്ങൾ അറിയിക്കുന്ന മുറയ്ക്ക് അവ നന്നാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | ക്യാമറ | | | കമ്പനി | തുക (രൂപ) |
|---|---|---|---|---|---|
| | PS and CI Office | In road | ആകെ എണ്ണം | | |
| 2010-11 | | 6 | 6 | Keltron | 12806854 ✓ |
| 2011-12 | 36 | | 36 | Keltron | 15659600 ✓ |
| 2013-14 | | 9 | 9 | Keltron | 16332000 ✓ |
| 2013-14 | 14 | | 14 | Keltron | 6695565 ✓ |
| 2013-14 | 20 | | 20 | Keltron | 9951925 ✓ |
| 2013-14 | | 16 | 16 | Keltron | 6804432 ✓ |
| 2013-14 | | 100 | 100 | Keltron | 403102847 ✓ |
| 2013-14 | | 82 | 82 | Keltron | 2280336 ✓ |
| 2014-15 | 110 | | 110 | Keltron | 15800000 ✓ |
| | | | **393** | | |

(SO)